Deivarajyam August 2014
Registered No. KL/ALY/0020/2014-2016 ● R.N. 7623/1963
Date of publication: 1/8/2014
● Posted at Thodupuzha Stg.
Annual Subscription Rs. 75.00




Printed at Sanjo Offset Press, Kothamangalam
Editor, Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691




# ദൈവരാജ്യം

കോതമംഗലം രൂപതാ ബുള്ളറ്റിൻ




വാല്യം 53
ആഗസ്റ്റ് 2014
ലക്കം 8

# ദൈവരാജ്യം

OFFICIAL ORGAN OF THE EPARCHY OF KOTHAMANGALAM

Vol. LIII No. 8 August 2014


ദൈവകൃപയാൽ

കോതമംഗലം രൂപതയുടെ മെത്രാനായ

**മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**

നമ്മുടെ രൂപതയിലെ വൈദികസഹോദരന്മാർക്കും

സന്യാസിനീസന്യാസികൾക്കും

അല്മായ വിശ്വാസികൾക്കും എഴുതുന്നത്

വന്ദ്യ സഹോദരരേ, പ്രിയ മക്കളേ,

2014 അന്തർദേശീയ കുടുംബകൃഷിവർഷമായി (International year of family farming) ഐക്യരാഷ്ട്രസംഘടന പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. ലോകമെങ്ങും ഭക്ഷ്യസുരക്ഷ ഉറപ്പാക്കി പട്ടിണിയും ദാരിദ്ര്യവും നിർമ്മാർജ്ജനം ചെയ്യുക എന്നതാണ് ഈ പ്രഖ്യാപനത്തിന്റെ ലക്ഷ്യം. കുടുംബകൃഷിയും ചെറുകിടകൃഷിയും പ്രോത്സാഹിപ്പിക്കുകയാണ് ഈ ലക്ഷ്യം നേടിയെടുക്കുന്നതിന് അനിവാര്യമായിട്ടുള്ളത്.

ഭാരതത്തിൽ കൃഷിയുടെ 80% വും ചെറുകിട കൃഷിയിടങ്ങളിലാണ് നടത്തുന്നത്. കാർഷിക വരുമാനത്തിന്റെ 60%വും ചെറുകിട കൃഷിയിൽ നിന്നുമാണ് ലഭിക്കുന്നത്. നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക ഭദ്രത ചെറുകിട കൃഷിയെ ആശ്രയിച്ചാണിരിക്കുന്നത് എന്ന കാര്യം ഇതിൽനിന്നും വ്യക്തമാണ്. ഭാരതത്തിന്റെ സാംസ്കാരിക ഭൂപടത്തിൽ നിന്നും കൃഷിയും കർഷകനും മാഞ്ഞുപോകാതെ, നഷ്ടപ്പെട്ടുപോകുന്ന കാർഷികസംസ്കാരം വീണ്ടെടുക്കേണ്ടത് നമ്മുടെ ഓരോ



രുത്തരുടെയും ആവശ്യമാണ്. കർഷകരെയും കാർഷികവൃത്തിയെയും പരിസ്ഥിതി സംരക്ഷണത്തെയും മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്നത് അന്തർദേശീയ കുടുംബകൃഷി വർഷത്തിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്.

ഒരു കുടുംബത്തിലേക്ക് ആവശ്യമുള്ളതെല്ലാം ആ കുടുംബത്തിലുള്ളവർ ഒരുമയോടെ കൃഷിചെയ്ത് ഉല്പാദിപ്പിക്കുക എന്നതാണ് കുടുംബകൃഷി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇന്നത്തെ സാഹചര്യത്തിൽ എല്ലാ കുടുംബങ്ങൾക്കും ഇത് സാധ്യമാണ് എന്നു കരുതുന്നില്ല. ആയതിനാൽ ഒരു കുടുംബത്തിന് ചെയ്യാൻ കഴിയുന്നത്ര കൃഷി ഒരുമയോടെ ചെയ്യുക എന്ന് നമുക്ക് കുടുംബകൃഷിയെ പുനർവ്യാഖ്യാനം ചെയ്യാം. സാധിക്കുന്നത്ര പച്ചക്കറികൾ, പഴവർഗങ്ങൾ, ധാന്യങ്ങൾ, മത്സ്യമാംസാദികൾ എന്നിവ ഓരോ കുടുംബത്തിന്റെയും സാഹചര്യവും സാധ്യതയുമനുസരിച്ച് അവിടെത്തന്നെ ഉല്പാദിപ്പിക്കുവാൻ നാം ശ്രമിക്കേണ്ടതുണ്ട് എന്ന സന്ദേശമാണ് ഇത് നമുക്ക് നല്കുന്നത്. പരാശ്രയത്വത്തിൽ നിന്നും സ്വാശ്രയത്വത്തിലേക്ക് നാം വളരുന്നത് ഇപ്രകാരമാണ്. ഭക്ഷ്യ ഇറക്കുമതികൾ കഴിയുന്നത്ര കുറയ്ക്കുകയും ഭക്ഷ്യ ഉല്പാദനം കഴിയുന്നത്ര വർദ്ധിപ്പിക്കുകയും ചെയ്യുന്നതുവഴി നമ്മുടെ കാർഷിക മേഖല കൂടുതൽ ശക്തിപ്പെടുകയും ചെയ്യും.

സ്വന്തമായ കൃഷിയിടങ്ങളിൽ അദ്ധ്വാനിച്ച് ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുക എന്ന സന്ദേശം ലോകം മുഴുവൻ വ്യാപിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഓരോ കുടുംബത്തിലെയും എല്ലാ അംഗങ്ങളും കൃഷിക്കാരാകണം. സ്വന്തമായ സ്ഥലം തരിശുഭൂമിയാക്കിക്കളയാതെ കുടുംബാംഗങ്ങൾ ഒരുമിച്ച് ചേർന്ന് കൃഷി ചെയ്യുന്നത് പാരസ്പര്യത്തിന്റെ അനുഭവം വർദ്ധിപ്പിക്കും. കുടുംബാംഗങ്ങൾ തമ്മിൽ ആഴമായ സ്നേഹബന്ധം പുലർത്താനുള്ള അവസരമായി ഇത് മാറും. ഒപ്പം കുടുംബകൃഷി സമ്പന്നമായ ഒരു ഗാർഹിക പ്രസ്ഥാനമായി വളരുകയും ചെയ്യും.

ഒരു കാലത്ത് നമ്മുടെ നാട്ടിൽ സമൃദ്ധമായി ഉണ്ടായിരുന്ന നെല്ല്, കപ്പ, ചേന, വാഴ, കാച്ചിൽ, ചേമ്പ്, കിഴങ്ങ്, പയറുവർഗങ്ങൾ തുടങ്ങിയവ പലതും ഇന്ന് നാട്ടിൽ ദുർലഭമായിക്കൊണ്ടിരിക്കുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പച്ചക്കറികളുടെയും പഴവർഗ

ങ്ങളുടെയും ഗുണമേന്മ സംബന്ധിച്ച് നമുക്ക് യാതൊരു ഉറപ്പുമില്ല. മലനാട്, ഇടനാട് പ്രദേശങ്ങളിലെ വൈവിധ്യമാർന്ന കൃഷിരീതികൾ പരീക്ഷിച്ച് വിജയിച്ചവരാണ് നമ്മുടെ നാട്ടിലെ കർഷകർ. ജൈവകൃഷി രീതി അവലംബിച്ചുകൊണ്ട് ആരോഗ്യദായകമായ ഭക്ഷണം ഉറപ്പുവരുത്താൻ നമുക്ക് സാധിക്കും. ഇന്നുള്ള പല രോഗങ്ങൾക്കും കാരണം നമ്മൾ ഭക്ഷിക്കുന്ന പദാർത്ഥങ്ങളിലെ വിഷാംശമാണ് എന്ന് തെളിഞ്ഞിട്ടുള്ളതാണല്ലോ. ഭക്ഷ്യദൗർലഭ്യം മൂലം എന്നതിനേക്കാൾ ഭക്ഷ്യ വിഷാംശം മൂലം മരിക്കുന്നവരുടെ എണ്ണമാണ് ഭാരതത്തിൽ കൂടുതൽ. മണ്ണിനോട് ബന്ധമില്ലാതെ ജീവിക്കുന്നവരുടെ രോഗപ്രതിരോധശേഷി കുറയുന്നു എന്നതും ഒരു യാഥാർത്ഥ്യമാണ്. നമ്മുടെ പറമ്പിൽ നിന്ന് കിട്ടുന്ന ഭക്ഷ്യോല്പ്പന്നങ്ങൾ പാകം ചെയ്ത് കഴിക്കുന്ന ഒരു ഭക്ഷണ ശൈലി ക്രമത്തിലേക്ക് നാം തിരിച്ചുവരണം. കൃഷി ചെയ്യാൻ സ്ഥലമില്ലെങ്കിൽ വീട്ടുമുറ്റത്തും വീടിന്റെ ടെറസ്സിലും ചാക്കിൽ കൃഷി ചെയ്യുന്ന രീതിയും അവലംബിക്കാവുന്നതാണ്. ബേക്കറി ഭക്ഷണങ്ങളുടെ ഉപയോഗം കഴിയുന്നത്ര നിയന്ത്രിക്കാം.

കീടനാശിനികളുടെ അമിതമായ ഉപയോഗം മനുഷ്യന്റെ ആരോഗ്യം നശിപ്പിക്കുന്നതോടൊപ്പം ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങൾക്കും കാരണമാകുന്നു. ശാസ്ത്രീയം എന്ന് വിശേഷിപ്പിക്കപ്പെടുന്ന രാസവള, കീടനാശിനി പ്രയോഗങ്ങൾ മണ്ണിന്റെ സ്വാഭാവിക ഘടന നഷ്ടപ്പെടുത്തുകയും ചെടികളുടെ ആയുസ്സ് കുറയ്ക്കുകയും ചെയ്യുന്നു. സമ്പന്നമായ കൃഷിയിനവൈവിധ്യം (agrodiversity) അതിലൂടെ നശിപ്പിക്കപ്പെടുന്നു. പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തിക്കൊണ്ടുള്ള കൃഷിരീതികൾ നാം അവലംബിക്കേണ്ടതുണ്ട്. കുടുംബകൃഷിയിലൂടെ നമ്മുടെ കൃഷിയിടങ്ങളെ പുനർജീവിപ്പിക്കുവാൻ സാധിക്കും. കാലാവസ്ഥയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും ജലസ്രോതസ്സുകൾ മലിനമാക്കപ്പെടുന്നത് തടയാനും അതുവഴി സാധിക്കും. കിണർ, കുളങ്ങൾ, തോടുകൾ, ആറുകൾ, നദികൾ എന്നിവയെല്ലാം ശുദ്ധമായി സംരക്ഷിക്കുവാനുള്ള വലിയ ഉത്തരവാദിത്വം നമുക്കുണ്ട്.

ഈശോ കാർഷികമേഖലയെ ഏറെ സ്നേഹിച്ചിരുന്നു. കൃഷിയോട് ബന്ധപ്പെട്ട പല പ്രതീകങ്ങളും വി. ഗ്രന്ഥത്തിലെ ഉപമകളിൽ നാം കാണുന്നുണ്ട്. കൃഷിയുടെയും കൃഷിക്കാരന്റെയും മഹത്വം



നന്നായി മനസ്സിലാക്കിക്കൊണ്ടും അതിന് അടിവരയിട്ടുകൊണ്ടുമാണ് ദൈവത്തെ കൃഷിക്കാരനായി വിതക്കാരന്റെ ഉപമയിൽ അവതരിപ്പിച്ചിട്ടുള്ളത് (മർക്കോ. 4:1-9, 14-20). അതുകൊണ്ട് കർഷകരെ നാം ആദരിക്കേണ്ടതുണ്ട്. കർഷരോടുള്ള ആദരവ് പ്രപഞ്ചത്തോടുള്ള ആദരവാണ്. കൃഷിയെ സ്നേഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന കാർഷിക സംസ്കാരത്തിന് നമുക്ക് പുതിയ തുടക്കം കുറിക്കാം. ലഭ്യമായ കൃഷിയിടത്തിന്റെ 30 ശതമാനമെങ്കിലും ഭക്ഷ്യവിളകൾ കൃഷി ചെയ്യാൻ ഉപയോഗിക്കാം. സാധിക്കുന്ന ഇടവകകളിലും സ്ഥാപനങ്ങളിലുമെല്ലാം മാതൃകാകൃഷിത്തോട്ടങ്ങൾ രൂപപ്പെടുത്തണം. മുതിർന്നവരും യുവജനങ്ങളും ഒറ്റക്കെട്ടായി മുന്നോട്ട് വരികയും ഈ കൂട്ടായ പരിശ്രമത്തിന് നേതൃത്വം നല്കുകയും വേണം. കർഷകരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന ഇൻഫാമിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ പിന്തുണയും നൽകാം. കാർഷിക സംസ്കാരത്തിന്റെ വളർച്ചയ്ക്കായി അക്ഷീണം യത്നിക്കുന്ന, രാഷ്ട്രീയ മതവ്യത്യാസങ്ങൾക്കതീതമായ സംഘടനയാണിത്.

“അത്യാവശ്യമായ കാര്യം ആദ്യം ചെയ്യുക പിന്നീട് സാധിക്കുന്ന കാര്യങ്ങൾ ചെയ്യുക, അപ്പോൾ അസാധ്യമായ കാര്യങ്ങൾ ചെയ്യാൻ സാധിക്കും.” പരിസ്ഥിതിയുടെ മദ്ധ്യസ്ഥനായ വി. ഫ്രാൻസിസ് അസ്സീസ്സിയുടെ ഈ വാക്കുകൾ നമുക്ക് പ്രചോദനമാകട്ടെ. നമ്മുടെ നാടിനെ, കൃഷിഭൂമിയെ, ജോലിചെയ്യുന്ന കർഷകരെ, നമുക്ക് കർത്താവിന്റെ കൃപയ്ക്കായി സമർപ്പിക്കാം.

സർവശക്തനായ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ✠

2014 ജൂലൈ മാസം 31-ാം തീയതി കോതമംഗലം മെത്രാസനമന്ദിരത്തിൽ നിന്നും

**മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ**
കോതമംഗലം മെത്രാൻ

---

NB. ഈ സർക്കുലർ ആഗസ്റ്റു മാസം 17-ാം തീയതി ഞായറാഴ്ച രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും, ദിവ്യബലിയർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

## രൂപതക്കച്ചേരി

*C. 50/2014* **കമ്പ്യൂട്ടർവൽക്കരണം**

നമ്മുടെ രൂപതയിലെ എല്ലാ പള്ളികളിലും കമ്പ്യൂട്ടർവൽക്കരണം നടന്നുകൊണ്ടിരിക്കുകയാണല്ലോ. അത് സംബന്ധിച്ച ഏതാനും കാര്യങ്ങൾ ബഹുമാനപ്പെട്ട അച്ചന്മാരുടെ ശ്രദ്ധയിൽ പെടുത്തിക്കൊള്ളട്ടെ.

1 കമ്പ്യൂട്ടർവൽക്കരണത്തിന്റെ വിവരശേഖരണം എത്രയും പെട്ടെന്ന് പൂർത്തിയാക്കുവാൻ ശ്രമിക്കണം. ശേഖരിച്ച വിവരങ്ങൾ പള്ളിയിലുള്ള രേഖകളുമായി ഒത്തുനോക്കേണ്ടതാണ്. കമ്പ്യൂട്ടറിൽ ചേർക്കുമ്പോൾ പള്ളിയിലെ ഒറിജനൽ രേഖകളോ (മാമ്മോദീസ രജിസ്റ്റർ, വിവാഹ രജിസ്റ്റർ തുടങ്ങിയവ) മറ്റ് പള്ളികളിൽ നിന്ന് പള്ളിയുടെ ലെറ്റർ പാഡിൽ അച്ചന്മാർ നൽകുന്ന ആധികാരികരേഖകളോ ആണ് മാനദണ്ഡമാക്കേണ്ടത്. ഫോണിലൂടെയും മറ്റും ശേഖരിക്കുന്ന വിവരങ്ങൾക്ക് ആധികാരികത കല്പിക്കുകയില്ല എന്ന് ജനങ്ങളെ അറിയിക്കേണ്ടതാണ്. ആത്മസ്ഥിതി രജിസ്റ്ററിലുള്ള വിവരങ്ങൾ മേല്പറഞ്ഞ ആധികാരിക രേഖകളുമായി ഒത്തു നോക്കാതെ കമ്പ്യൂട്ടറിൽ ചേർക്കരുത് എന്ന കാര്യവും ഓർമ്മിപ്പിക്കുന്നു.

2 കമ്പ്യൂട്ടർ വാങ്ങുന്നവർ എത്രയും പെട്ടെന്ന് പ്രോഗ്രാം Install ചെയ്യുന്നതിനുവേണ്ടി സെക്രട്ടറി അച്ചനെ വിവരം അറിയിക്കുക.

3 Program installation, updation എന്നിവ നടത്തുന്നതിനായി പതിനായിരം രൂപ പ്രോഗ്രാം install ചെയ്യാൻ വരുന്ന വ്യക്തിയെ ഏല്പിക്കേണ്ടതാണ്.

4 എല്ലാ പള്ളികളുടെയും കമ്പ്യൂട്ടർവൽക്കരണം അടുത്ത പൊതുമാറ്റത്തിന് മുമ്പ് (2015 മെയ് മാസത്തിനുള്ളിൽ) പൂർത്തിയാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സാങ്കേതികസഹായത്തിനായി സെക്രട്ടറി അച്ചനെ വിളിക്കാവുന്നതാണ്.

Fr. Secretary : 9995571629

*Bishop*

*C. 51 /2014* **വൈദികരുടെ വാർഷികധ്യാനം**

സെപ്തംബർ മാസത്തിൽ NESTT-ൽ നടക്കുന്ന വാർഷികധ്യാനത്തിൽ പങ്കെടുക്കുന്നവരുടെ പേരുകൾ താഴെ ചേർക്കുന്നു. ആരുടെയെങ്കിലും പേര് വിട്ടുപോയിട്ടുണ്ടെങ്കിൽ അവരും, പുതുതായി പേര് ചേർക്കാൻ ആഗ്രഹിക്കുന്നവരും രൂപതാക്കച്ചേരിയിൽ അറിയിക്കുക. അറിയിക്കേണ്ട നമ്പർ : 8281946306



### FOURTH BATCH

Venue: NESTT

**14 September Sunday to 19 Friday**

| | | | |
|---|---|---|---|
| 1 | Alappatt Msgr. Francis | 27 | Kodamullil Jose |
| 2 | Areekatt Mathew | 28 | Kodamullil Paul |
| 3 | Ariappillil Emmanuel | 29 | Kodiammanal John |
| 4 | Arolichalil Sebastian | 30 | KoikakudyJoseph Cherian |
| 5 | Athickal Francis | 31 | Koithanathu Joseph |
| 6 | Athickal Pius | 32 | Kottarathil Thomas |
| 7 | Chemparathy George | 33 | Kottoor Jose |
| 8 | Cheruparambil Thomas | 34 | Kunnath Mathew |
| 9 | Edassery Mathew | 35 | Kunnel Stanislaus |
| 10 | Edathotty Paul | 36 | Kurianal Emmanual |
| 11 | Edattu Mathews | 37 | Kurisummottil George |
| 12 | Elanjedath John | 38 | Kurukoor George |
| 13 | Kachiramattam Kuriakose | 39 | Kuzhinjalil Thomas |
| 14 | Kadukamakal Joseph | 40 | Mailackachalil Paul |
| 15 | Kakanatt Mathew | 41 | Malekudy Thomas |
| 16 | Kakkuzhy James | 42 | Mandapathil Varkey |
| 17 | Kalapurackal Jose | 43 | Mannathukaran Jacob |
| 18 | Kallarackal John | 44 | Moorkattil Jose |
| 19 | Kallarackal Joseph | 45 | Mulanjanany Joseph |
| 20 | Kanjirakombil George | 46 | Mundackal Mathew (Jr) |
| 21 | Kannadan Francis | 47 | Mundackal Mathew (Sr) |
| 22 | Kannamkulam Thomas | 48 | Mundunadayil Joseph |
| 23 | Karakombil Paul | 49 | Muttathuvalayil Joseph |
| 24 | Keerampara Francis | 50 | Nandalath Mathews |
| 25 | Kizhakedath Peter | 51 | Nedungatt Vincent |
| 26 | Kizhakel Jose | 52 | Niravathinal Abraham |

| | | | |
|---|---|---|---|
| 53 | Panachickal James | 66 | Thekkeattath George |
| 54 | Panackal Thomas | 67 | Thevarpadam Mathews |
| 55 | Pannarakunnel Sebastian | 68 | Vadakekudy James |
| 56 | Pazhayapeedikayil Johnson | 69 | Vadakel George |
| 57 | Peechatt Emmanuel | 70 | Vattakatt Augustine |
| 58 | Peechatt Jose | 71 | Vattakuzhy Emmanuel |
| 59 | Poonat Mathew | 72 | Vattakuzhy Jose |
| 60 | Pothanamuzhi Thomas | 73 | Vattappallil Jacob |
| 61 | Pottackal George | 74 | Vattathottathil Thomas |
| 62 | Puthiyedath Jacob | 75 | Velliamthadam Joseph |
| 63 | Thalappillil Jacob | 76 | Vengooran Jose |
| 64 | Thayyil James | 77 | Vettikuzha Thomas |
| 65 | Thekkekara Mathew (Jr) | 78 | Vilangupara Paul |

*Syncellus*

### *C. 52/2014* ജസ്റ്റീസ് സൺഡേ – ആഗസ്റ്റ് 17

2014 ആഗസ്റ്റ് 17–ാം തീയതി ജസ്റ്റീസ് സൺഡേയായി ആചരിക്കുന്നു. നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും സാമൂഹ്യനീതിയെക്കുറിച്ച് ജനങ്ങളെ പ്രബുദ്ധരാക്കാൻ ഉതകുന്ന പ്രബോധനങ്ങളും ചർച്ചാക്ലാസ്സുകളും നടത്താൻ ശ്രദ്ധിക്കുമല്ലോ. ആ ദിവസമോ അതു കഴിഞ്ഞു വരുന്ന ഞായറാഴ്ചയോ ഈ നിയോഗപ്രകാരം പ്രത്യേക പിരിവ് നടത്തി കിട്ടുന്ന തുക രൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏല്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

*Syncellus*

### *C. 53/2014* Monthly Recollection for Priests

***Topic for discussion in August***

Read in common Nos 422-435 of the Catechism of the Catholic Church.

*Syncellus*

### *C. 54/2014* Young Priests' Seminar

Young Priests' seminar will be conducted on November 25-26, 2014. The seminar begins at 9.00 am on Tuesday, November 25 and concludes by 5.00 pm on Wednesday, November 26, 2014. All Priests ordained after January 31, 2008 are expected to participate without fail.



*Syncellus*

### *C. 55/2014* Monthly Recollection in common

Monthly recollection in the month of **December** will be held in common on Tuesday, December 2, 2014 at NESTT. The Programme begins at 9.30 am and concludes by 1.00 pm. All are expected to attend without fail.

*Syncellus*

### *PC.5/2014* പാസ്റ്ററൽ കൗൺസിൽ തിരഞ്ഞെടുപ്പ്

കഴിഞ്ഞ ദൈവരാജ്യത്തിൽ അറിയിച്ചിരുന്നതുപോലെ പാസ്റ്ററൽ കൗൺസിലിലേക്കുള്ള ഫൊറോന പ്രതിനിധികളുടെ തിരഞ്ഞെടുപ്പ് നടത്തി ആഗസ്റ്റ് 31–ാം തീയതിക്കകം തിരഞ്ഞെടുക്കപ്പെട്ടവരുടെ പേരുകൾ രൂപതാക്കച്ചേരിയിൽ അറിയിക്കണമെന്ന കാര്യം ഒരിക്കൽകൂടി ബഹുമാനപ്പെട്ട ഫൊറോന വികാരിയച്ചന്മാരെ ഓർമ്മിപ്പിക്കുന്നു.

പാസ്റ്ററൽ കൗൺസിലിലേക്ക് നോമിനേറ്റ് ചെയ്യപ്പെടാൻ യോഗ്യതയുള്ളവരുടെ പേരുകൾ എത്രയും വേഗം അറിയിക്കുമല്ലോ.

*Chancellor*

### *PC. 6 /2014* Meeting of the Pastoral Council

An ordinary meeting of the Pastoral Council will be held on Saturday, December 20, 2014 from 10.00 am to 4.00 pm at the Bishop's House.

*Secretary*

### *Pr.C 4. /2014* Special Meeting of the Presbyteral Council

A Special Meeting of the Presbyteral Council will be held on Tuesday, September 9, 2014 from 10.00 am to 1.00 pm at the Bishop's house. The members are cordially invited.

*Secretary*

### *Pr.C 5. /2014* Meeting of the Presbyteral Council

An ordinary meeting of the Presbyteral Council will be held on Tuesday, December 16, 2014 from 10.00 am to 4.00 pm at the

Bishop's House. The members are cordially invited.

Topics to be included in the Agenda may be sent to the secretary before November 15, 2014.

*Secretary*

## മൈനർ സെമിനാരി

*MS. 20 /2014* **ദുക്റാന തിരുനാൾ**

ഈ വർഷത്തെ ദുക്റാന തിരുനാൾ മൈനർ സെമിനാരിയിൽ സമുചിതമായി ആഘോഷിച്ചു. ബ. ജോസഫ് കല്ലറയ്ക്കൽ അച്ചൻ ആഘോഷമായ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. വൈകുന്നേരം 6 മണിക്ക് ചേർന്ന സമ്മേളനത്തിൽ ബ. തോമസ് പെരിയപ്പുറം അച്ചൻ അദ്ധ്യക്ഷത വഹിച്ചു. ബ്ര. ജോർജ് പള്ളിക്കുന്നേൽ, ബ്ര. ജോസഫ് കാരക്കുന്നേൽ എന്നിവർ പ്രസംഗിച്ചു. സെമിനാരി ഗായകസംഘത്തിന്റെ സമൂഹഗാനവും ബ്ര. സെബാസ്റ്റ്യൻ വെള്ളാപ്പിള്ളിയുടെ ലളിതഗാനവും ആസ്വാദ്യകരമായിരുന്നു. ബ്ര. ജോർജ് കൊച്ചുപറമ്പിൽ സ്വാഗതവും ബ്ര. പോൾ വാലംപാറയ്ക്കൽ നന്ദിയും പറഞ്ഞു. സമ്മേളനാനന്തരം വിവിധ കലാപരിപാടികളും അവതരിപ്പിക്കപ്പെട്ടു.

*MS. 21 /2014* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | |
|---|---|---|
| 1 | Rev. Fr. Mathew Ezhanikatt | 10000 |
| 2 | Shiny Avirappatt, Arakuzha | 25000 |
| 3 | Avirappatt, Joseph Thomas Velielchal | 3000 |
| 4 | Vineeja Ramesh Kalayil, Bethlehem | 50000 |
| 5 | M.A. Joseph Maliekal, Perumannoor | 40000 |
| 6 | Prof. T.S. Chacko, Thodupuzha | 200000 |
| 7 | Kunjamma Thottupuram, Muthalakodam | 100000 |
| 8 | Jose Chemparathy, Muthalakodam | 5000 |

*Rector*



## വിജ്ഞാനഭവൻ

*V. 66/2014* **സഹകരണത്തിന് നന്ദി**

വിശ്വാസപരിശീലകരുടെ രൂപതാ കൺവൻഷനിലേക്ക് വന്നവർക്കും അവരെ പറഞ്ഞയച്ച വികാരിയച്ചന്മാർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

*V. 67/2014* **സൺഡേ സ്കൂൾ അവധി - സെപ്തംബർ 7**

സെപ്തംബർ 7 തിരുവോണമായതിനാൽ സൺഡേസ്കൂളിന് അവധിയായിരിക്കും.

*V. 68/2014* **രൂപതയിലെ മികച്ച സൺഡേ സ്കൂളുകൾ**

2013-2014 പ്രവർത്തന വർഷത്തിൽ രൂപതയിലെ ഏറ്റവും മികച്ചതായി തിരഞ്ഞെടുക്കപ്പെട്ട സൺഡേസ്കൂളുകളുടെ (A, B, C വിഭാഗം) പേരുകൾ ചുവടെ ചേർക്കുന്നു.

**Group A**

I ലിറ്റിൽ ഫ്ളവർ, നെടിയകാട്
II സെന്റ് ജോസഫ്സ്, നെല്ലിമറ്റം
III സെന്റ് ജോസഫ്സ്, മാറിക

**Group B**

I സെന്റ് തോമസ് മൂർ, ആലക്കോട്
II മാർ സ്ലീവാ, വണ്ണപ്പുറം
III സെന്റ് ജോസഫ്സ്, നെല്ലിക്കുഴി

**Group C**

I ക്രിസ്തുരാജ്, രാജഗിരി
II സെന്റ് മേരീസ്, മാലിപ്പാറ
III സെന്റ് ജോർജ്, ഈസ്റ്റ് മാറാടി
സെന്റ് മേരീസ്, നീണ്ടപാറ

*V. 69/2014* **പ്രൈവറ്റ് രജിസ്ട്രേഷൻ** *(Ref. V. 43/2014)*

**കോൺടാക്റ്റ് ക്ലാസ്സ് 1–ാം സെമസ്റ്റർ**

XI - 2014 സെപ്തംബർ 13 ശനി

XII - 2014 സെപ്തംബർ 13 ശനി

സ്ഥലം : NESTT, Muvattupuzha

സമയം : രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 4.00 വരെ

*V.70/2014* **സൺഡേസ്കൂളുകളുടെ പുതുക്കിയ ലിസ്റ്റ്**

**A വിഭാഗം 400–നു മുകളിൽ**

| | | | |
|---|---|---|---|
| 1 | Anicadu | 2 | Arakuzha |
| 3 | Cathedral | 4 | Kadalikad |
| 5 | Kalayanthani | 6 | Kaliyar |
| 7 | Kallanickal | 8 | Kalloorkad |
| 9 | Kaloor | 10 | Karimannoor |
| 11 | Mailacombu | 12 | Marika |
| 13 | Muthalakodam | 14 | Muvattupuzha |
| 15 | Nakapuzha | 16 | Nediakad |
| 17 | Nellimattam | 18 | Paingottoor |
| 19 | Thodupuzha | 20 | Vazhakulam |

**B. വിഭാഗം 200–നും 400–നും ഇടയിൽ**

| | | | |
|---|---|---|---|
| 1 | Alakode | 2 | Anchiri |
| 3 | Arikuzha | 4 | Ayavana |
| 5 | Bethlehem | 6 | Chittoor |
| 7 | Chilavu | 8 | Ezhalloor |
| 9 | Kadavoor | 10 | Karakunnam |
| 11 | Keerampara | 12 | Kodikulam |
| 13 | Koduvely | 14 | Kottapady |
| 15 | Kozhippilly | 16 | Kuninji |
| 17 | Kuruppumpady | 18 | Malayinkeezhu |
| 19 | Meenkunnam | 20 | Mundanmudy |
| 21 | Muvattupuzha East | 22 | Nadukani |
| 23 | Nediasala | 24 | Nedungapra |
| 25 | Nellikuzhi | 26 | Neriamangalam |
| 27 | Neyyassery | 28 | Njarakad |
| 29 | Oonnukal | 30 | Pallickamury |
| 31 | Pannimattam | 32 | Peringuzha |
| 33 | Pothanikad | 34 | Purapuzha |



| | | | |
|---|---|---|---|
| 35 | Thodupuzha East | 36 | Thommankuth |
| 37 | Udumpannoor | 38 | Vadattupara |
| 39 | Vandamattam | 40 | Vannapuram |
| 41 | Vazhappilly East | 42 | Velielchal |

**C. വിഭാഗം 200–ൽ താഴെ**

| | | | |
|---|---|---|---|
| 1 | Ambikapuram | 2 | Chalassery |
| 3 | Cheppukulam | 4 | Cheenikuzhy |
| 5 | Enanalloor | 6 | Inchathotty |
| 7 | Inchoor | 8 | Kaithapara |
| 9 | Kavakadu | 10 | Kolady |
| 11 | Kulapuram | 12 | Kuthumkal |
| 13 | Kuttampuzha | 14 | Malayinchi |
| 15 | Malippara | 16 | Mamalakandam |
| 17 | Marady | 18 | Mathirappilly |
| 19 | Mekkadambu | 20 | Methotty |
| 21 | Mudavoor | 22 | Mulapuram |
| 23 | Mullaringad | 24 | Muttathupara |
| 25 | Nadukara | 26 | Neendapara |
| 27 | Njayappilly | 28 | Parapuzha |
| 29 | Pareekanny | 30 | Pazhampillichal |
| 31 | Perumannoor | 32 | Perumballichira |
| 33 | Perumballoor | 34 | Peringassery |
| 35 | Pooyamkutty | 36 | Ponnamthanam |
| 37 | Puliyanpara | 38 | Punnamattam |
| 39 | Ramalloor | 40 | Randar |
| 41 | Thalayanadu | 42 | Thattakuzha |
| 43 | Thazhuvamkunnu | 44 | Thennathoor |
| 45 | Thoipra | 46 | Thottakara |
| 47 | Thrikariyoor | 48 | Uppukunnu |
| 49 | Urulanthanny | 50 | Vadakode |
| 51 | Vazhakala | 52 | Vellallu (Rajagiri) |
| 53 | Vettampara | 54 | Vettimattam |

*Director*

# Corporate Educational Agency

*Edn. 42 /2014* **പ്രധാന അദ്ധ്യാപകരുടെ ശ്രദ്ധയ്ക്ക്**

പുതുതായി സ്കൂളിൽ നിയമനം ലഭിക്കുമ്പോൾ (ലീവ്, സ്ഥിര നിയമനം) ഈ ഓഫീസിൽ നിന്നും ആവശ്യപ്പെടുന്ന എല്ലാ രേഖകളും നിയമന ഓർഡർ വാങ്ങാൻ വരുന്ന ബന്ധപ്പെട്ട അദ്ധ്യാപകരുടെ കൈവശം കൊടുത്തയയ്ക്കുന്ന കാര്യത്തിൽ ഹെഡ്മാസ്റ്റർ വളരെ ഗൗരവമായിത്തന്നെ ശ്രദ്ധിക്കേണ്ടതാണ് (eg. Joining report, Staff statement, ലീവ് വേക്കൻസി ആണെങ്കിൽ ലീവിന്റെ കോപ്പി). പുതിയ നിയമനം പാസ്സാകുമ്പോൾ പാസ്സായതിന്റെ കോപ്പി സഹിതം ഓഫീസിൽ വന്ന് സെക്രട്ടറിയച്ചനെ കണ്ട് വിവരം അറിയിക്കേണ്ടതാണ്.

*Edn. 43 /2014*

മെയിന്റനൻസ് ഗ്രാന്റിനുള്ള അപേക്ഷകൾ പൂരിപ്പിച്ച് മൂന്നു കോപ്പികൾ ആഗസ്റ്റ് 31-ന് മുമ്പ് ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്. അപേക്ഷാ ഫോറങ്ങൾ വെബ്സൈറ്റിൽ നിന്ന് എടുക്കാവുന്നതാണ്. Reminder ഇനി അയയ്ക്കുന്നതല്ല.

*Edn. 44 /2014*

ലോകായുക്ത ആവശ്യപ്പെട്ടിരിക്കുന്ന പ്രകാരമുള്ള സ്കൂളുകളെ സംബന്ധിച്ച സ്ഥാവരജംഗമ വസ്തുക്കളുടെ വിവരങ്ങൾ ലോകായുക്ത നിയമപ്രകാരമുള്ള A B C എന്നീ ഫോറങ്ങളിൽ തയ്യാറാക്കി 3 കോപ്പികൾ വീതം എത്രയും പെട്ടെന്ന് ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ഈ ഫോറങ്ങൾ www.mathsblog.in എന്ന വെബ് സൈറ്റിൽ ഉണ്ട്. കൂടാതെ ഈ ഓഫീസിന്റെ സൈറ്റിൽ ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്.

*Edn. 45 /2014* **Catechism/ Moral Science**

വേദപാഠത്തിന്റെയും സന്മാർഗപാഠത്തിന്റെയും Question Paper നുള്ള ഓർഡർ ഫോം പൂരിപ്പിച്ചു തരാത്ത സ്കൂളുകൾ ഒരാഴ്ചയ്ക്കുള്ളിൽ അവ പൂരിപ്പിച്ച് ഓഫീസിൽ എത്തിക്കണം.



Catechism / Moral Science Year plan കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസിയുടെ വെബ്സൈറ്റിൽ കൊടുത്തിട്ടുണ്ട്. ഒന്നാം ടേം പരീക്ഷയ്ക്കുമുമ്പായി പഠിപ്പിച്ചു തീർക്കേണ്ട പാഠഭാഗങ്ങൾ താഴെ കൊടുക്കുന്നു.

| | Catechism | | Moral Science | |
|---|---|---|---|---|
| Std I | Lessons | 1-5 | Lessons | 1-6 |
| Std II | " | 1-6 | " | 1-6 |
| Std III | " | 1-5 | " | 1-6 |
| Std IV | " | 1-6 | " | 1-7 |
| Std V | " | 1-5 | " | 1-5 |
| Std VI | " | 1-5 | " | 1-6 |
| Std VII | " | 1-5 | " | 1-6 |
| Std VIII | " | 1-6 | " | 1-5 |
| Std IX | " | 1-6 | " | 1-5 |
| Std X | " | 1-6 | " | 1-5 |
| Std XI | " | Nil | " | 1-7 |
| Std XII | " | Nil | " | 1-6 |

*Edn. 46 /2014* **Counselling**

എല്ലാ സ്കൂളുകളിലും കൗൺസലിംഗ് ആരംഭിക്കണം. വർഷം മുഴുവൻ നീണ്ടു നിൽക്കേണ്ട പ്രവർത്തനമായിരിക്കണം കൗൺസലിംഗ്. ഇതിന്റെ ചുമതല ഒരു ടീച്ചറിനെ ഏല്പിക്കണം. റിക്കാർഡ് സൂക്ഷിക്കുകയും വേണം. താഴെ പേര് കൊടുത്തിരിക്കുന്ന കൗൺസിലേഴ്സിന്റെ സേവനം സ്കൂളുകളിൽ പ്രയോജനപ്പെടുത്താം.

| | | |
|---|---|---|
| 1 | സി. ആനി തെരേസ CHF | 0485 2837179 |
| 2 | സി. റോസിലിൻ CHF | 0485 2837179 |
| 3 | സി. ഷീൻ മരിയ CHF | 0485 2890010 |
| 4 | സി. ജെസ്ന MSJ | 9495771114 |
| 5 | സി. ലിബിയ ജോസ് SMC | 0485 2572424 |
| 6 | സി. റോസ്മിൻ SH | 9961875502 |
| 7 | സി. വിജിൽ SH | 9605955815 |
| 8 | സി. പൊസേന്തി SABS | 9995513529 |
| 9 | സി. ലിൻസി ജോസ് SD | 9446997063 |

| | | |
|---|---|---|
| 10 | സി. ആൻ ടോം CHF | 0485 2837179 |
| 11 | സി. സേവന ജോസ് CHF | 0485 2837179 |
| 12 | സി. ഫീന FCC | 9847861453 |
| 13 | ശ്രീ. ജോസഫ് മൂലേശ്ശേരി | 9446479408 |
| 14 | ശ്രീ. ബിനോയി തോമസ് | 9946013297 |
| 15 | സി. റിറ്റി പോൾ FCC | 0486 2267276 |
| 16 | ശ്രീ. എൻ. ജെ. ജോസഫ് | 0486 2273594 |
| 17 | ശ്രീ. ബിബി റെജി | 9544561876 |

*Edn. 47 /2014* **Catechism/ Moral Science ഒന്നാം ടേം പരീക്ഷ**

ഈ വർഷത്തെ Catechism/Moral Science ഒന്നാം ടേം പരീക്ഷ ഓണാവധിക്കുശേഷം സ്കൂൾ തുറക്കുന്ന ദിവസം താഴെ കൊടുത്തിരിക്കുന്ന ടൈം ടേബിൾ അനുസരിച്ച് നടത്തണം.

| | | | | | | |
|---|---|---|---|---|---|---|
| FN | Std I | Std III | Std V | Std VII | Std IX | Std XI |
| AN | Std II | Std IV | Std VI | Std VIII | Std X | Std XII |

*Secretary*

## ചെറുപുഷ്പമിഷൻലീഗ്

*CML 34 /2014* **അഭിനന്ദനങ്ങളും കൃതജ്ഞതയും**

2013-2014 പ്രവർത്തനവർഷം ശാഖാമേഖലാ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തിയ ഏവർക്കും പ്രത്യേകിച്ച് ബഹുമാനപ്പെട്ട വികാരിയച്ചന്മാർക്കും സിസ്റ്റേഴ്സിനും ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ നേരുന്നു. ജൂലൈ 12-ാം തീയതി മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടന്ന രൂപത കൗൺസിലിൽ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് അനുഗ്രഹപ്രഭാഷണം നടത്തി. 2014-2015 പ്രവർത്തനവർഷത്തെ മാർഗരേഖ അവതരണം, എസ്.എസ്.എൽ.സി., പ്ലസ്ടു അവാർഡ് വിതരണം എന്നിവ നടത്തി. മുൻകാല രൂപതാഭാരവാഹികളെ കൗൺസിലിൽ വച്ച് ആദരിച്ചു. കൗൺസിലിൽ പങ്കെടുത്ത എല്ലാവരെയും നന്ദിയോടെ അനുസ്മരിക്കുന്നു.



*CML 35 /2014* **അവാർഡുകളും സമ്മാനങ്ങളും**

2013-2014 പ്രവർത്തനവർഷം മികച്ച പ്രവർത്തനം കാഴ്ചവച്ച ശാഖകളും മേഖലകളും

**രൂപതയിലെ മികച്ച ശാഖകൾ**

300 -ന് മുകളിൽ അംഗങ്ങളുള്ളത്

1 കോതമംഗലം, 2 മുവാറ്റുപുഴ ഹോളിമാഗി 3 നെല്ലിമറ്റം

പ്രോത്സാഹനസമ്മാനം : കരിമണ്ണൂർ

150-300 -ന് ഇടയിൽ അംഗങ്ങളുള്ളത്

1 കോട്ടപ്പടി 2 ആരക്കുഴ 3 കാളിയാർ

പ്രോത്സാഹന സമ്മാനം: ബസ്ലഹം, ആലക്കോട്

150-ൽ താഴെ അംഗങ്ങളുള്ളത്

1 നാടുകാണി 2 പുലിയൻപാറ 3 നിർമ്മലമാതാ

**രൂപതയിലെ മികച്ച മേഖലകൾ**

1 കോതമംഗലം 2 മൂവാറ്റുപുഴ 3 കാളിയാർ

സംഭാവനകൂപ്പൺ കൂടുതൽ വിറ്റഴിച്ച ശാഖകൾ

1 കോതമംഗലം 2 പൈങ്ങോട്ടൂർ

കൈയെഴുത്തു മാസിക

1 ഹെസെദ് - ആരക്കുഴ

2 രെഗാലോ - കാളിയാർ

3 വാതിൽ - കോട്ടപ്പടി

*CML 36 /2014* **രൂപത സാഹിത്യമത്സരം**

രൂപതാതല സാഹിത്യമത്സരം ജൂലൈ 28-ാം തീയതി കോതമംഗലം സെന്റ് ജോർജ് HSS, മൂവാറ്റുപുഴ നിർമ്മല HSS, തൊടുപുഴ സെന്റ് സെബാസ്റ്റ്യൻസ് UPS, കാളിയാർ സെന്റ് മേരീസ് HSS, കരിമണ്ണൂർ സെന്റ് ജോസഫ്സ് HSS എന്നിവിടങ്ങളിൽ വച്ച് നടത്തപ്പെട്ടു.

*CML 37 /2014* **രൂപത ലീഡർഷിപ്പ് ക്യാമ്പ്**

മിഷൻലീഗ് രൂപതാതല ലീഡർഷിപ്പ് ട്രെയിനിംഗ് ക്യാമ്പ് 'Lead 2014' ജൂലൈ 25 മുതൽ 27 വരെ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തപ്പെട്ടു. വിവിധ ശാഖകളിൽ നിന്നായി 160 കുട്ടികൾ പങ്കെടുത്തു.

*CML 38 /2014* **ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ്**

രൂപതാ ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ് ആഗസ്റ്റ് 9-ാം തീയതി ശനിയാഴ്ച മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് രാവിലെ 10 മണിമുതൽ 1 മണി വരെ നടത്തപ്പെടുന്നതാണ്. എല്ലാ സി.എം.എൽ. ജോയിന്റ് ഡയറക്ടേഴ്സും ഈ സംഗമത്തിൽ പങ്കെടുക്കുമല്ലോ.

*CML 39 /2014* **കുഞ്ഞേട്ടൻ അനുസ്മരണം**

2014 ആഗസ്റ്റ് 11-ാം തീയതി സി.എം.എൽ. സ്ഥാപകനേതാവ് ശ്രീ. പി. സി. അബ്രാഹം പല്ലാട്ടുകുന്നേൽ നിര്യാതനായിട്ട് 5 വർഷം തികയുകയാണ്. മിഷൻലീഗ് സംഘടനയ്ക്ക് രൂപവും ഭാവവും നൽകി അതിനെ വളർത്തി വലുതാക്കിയ കുഞ്ഞേട്ടനെ നമ്മുടെ പ്രാർത്ഥനകളിൽ അനുസ്മരിക്കാം. സംഘടനാംഗങ്ങൾ അന്നേദിവസം വി. കുർബാനയിലും കുടുംബപ്രാർത്ഥനയിലും കുഞ്ഞേട്ടനെ അനുസ്മരിക്കുകയും സംഘടനാ പ്രവർത്തനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യണം.

*CML 40 /2014* **സംസ്ഥാനവിഹിതം 1 രൂപ**

സംസ്ഥാനതല ഫണ്ട് ശേഖരണാർത്ഥം ശാഖയിലെ എല്ലാ കുട്ടികളിൽ നിന്നും 1 രൂപ വീതം ശേഖരിച്ച് ഇനിയും നൽകാത്തവർ എത്രയും വേഗം നൽകുമല്ലോ.

*Director*

## കെ.സി.എസ്.എൽ.

*KCSL 17/2014* **ആനിമേറ്റേഴ്സ് മീറ്റ്**

ഈ വർഷത്തെ കെ.സി.എസ്.എൽ. യൂണിറ്റ് ആനിമേറ്റേഴ്സ് സംഗമം ജൂലൈ 28-ാം തീയതി മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടന്നു. കെ.സി.എസ്.എൽ. സംസ്ഥാന ഡയറക്ടർ റവ. ഫാ. യേശുദാസ് പഴമ്പിള്ളി ക്ലാസ് നയിച്ചു. പങ്കെടുത്ത എല്ലാവർക്കും നന്ദി.



*KCSL 18/2014* **അംഗത്വലിസ്റ്റ്**

ശാഖയിൽ അംഗത്വസ്വീകരണം പൂർത്തിയാക്കി ലിസ്റ്റിന്റെ 3 കോപ്പി താമസംവിനാ കെ.സി.എസ്.എൽ. രൂപതാ ഓഫീസിൽ ഏല്പിക്കണം.

*KCSL 19/2014* **ലീഡേഴ്സ് ക്യാമ്പ്**

ജൂലൈ 12-ാം തീയതി കൊച്ചിയിൽ വച്ച് നടത്തിയ സംസ്ഥാന തല ലീഡേഴ്സ് ക്യാമ്പിൽ നമ്മുടെ രൂപതയിൽ നിന്നും 6 കുട്ടികൾ പങ്കെടുത്തു.

*Director*

## സോഷ്യൽ സർവീസ്

*SS. 28 /2014* **'ആശാകിരണം' കാൻസർ സുരക്ഷായജ്ഞം**

രൂപതാ സോഷ്യൽ സർവീസ് സൊസൈറ്റിയും കാരിത്താസ് ഇന്ത്യയും ചേർന്ന് രൂപതയിൽ നടപ്പിലാക്കുന്ന 'ആശാകിരണം' പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ഈ പദ്ധതിയുടെ പ്ലാനിംഗിനായി ചേർന്ന യോഗം വികാരി ജനറാൾ മോൺ. ജോർജ് ഓലിയപ്പുറം ഉദ്ഘാടനം ചെയ്തു. KSSS ഡയറക്ടർ ഫാ. പോൾ ചൂരത്തൊട്ടി അദ്ധ്യക്ഷത വഹിച്ചു. കാരിത്താസ് ഇന്ത്യയുടെ സ്റ്റേറ്റ് ഓഫീസർമാരായ കെ. എ. സെബാസ്റ്റ്യൻ, പി.ജെ. വർക്കി എന്നിവർ പദ്ധതി അവതരിപ്പിക്കുകയും ചർച്ചകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. ആശാകിരണം പദ്ധതിയുടെ നടത്തിപ്പിനായി രൂപതാ എക്സിക്യൂട്ടീവ് കമ്മിറ്റിയെ തിരഞ്ഞെടുത്തു. ആശാകിരണം രൂപതാതല ആക്ഷൻ പ്ലാൻ കോ-ഓർഡിനേറ്റർ ജോൺസൺ കറുകപ്പിള്ളിൽ അവതരിപ്പിച്ചു. പദ്ധതിയുടെ ആദ്യപടിയായി രൂപതാടിസ്ഥാനത്തിൽ കാൻസർ രോഗികളെ കണ്ടെത്തുന്നതിനായി ഒരു ആരോഗ്യ സർവ്വേ നടത്താൻ തീരുമാനി

ച്ചു. ഇതിനായി രൂപത എക്സിക്യൂട്ടീവിൽ നിന്നും റോയിച്ചൻ മാളിയേക്കൽ, പി. ജെ. ജോസ് എന്നിവരെ യോഗം തിരഞ്ഞെടുത്ത് ചുമതലപ്പെടുത്തി. KSSS അസി. ഡയറക്ടർ ഫാ. ജേക്കബ് മണ്ണത്തൂക്കാരൻ, മത്തച്ചൻ ചേബ്ലാങ്കൽ, വർഗീസ് പേയ്ക്കൽ, ഐപ്പ് ജോൺ കല്ലുങ്കൽ എന്നിവർ പ്രസംഗിച്ചു.

### *SS. 29 /2014* **കോതമംഗലം–ബോധവൽക്കരണ സെമിനാർ നടത്തി**

കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന കേരള ലേബർ മൂവ്മെന്റിന്റെ (കോതമംഗലം) വിവിധ ക്ഷേമ പദ്ധതികളെ സംബന്ധിച്ച് ബോധവൽക്കരണ സെമിനാർ നടത്തി. കോതമംഗലം രൂപത പ്രസിഡന്റ് ബാബു മാലിക്കുടിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം KSSS അസി. ഡയറക്ടർ ഫാ. ജേക്കബ് മണ്ണത്തൂക്കാരൻ ഉദ്ഘാടനം ചെയ്തു. കോതമംഗലം സ്റ്റേറ്റ് കോ-ഓർഡിനേറ്റർ അലക്സ് താലുപ്പാടത്ത് സെമിനാറിന് നേതൃത്വം നല്കി.

ജോസ് എടപ്പാട്ട്, കെ.വി. പൗലോസ്, ജോൺസൺ കറുകപ്പിള്ളിൽ, ചിന്നമ്മ ജോസ് എന്നിവർ പ്രസംഗിച്ചു. KLM -ന്റെ പ്രവർത്തനങ്ങൾ രൂപതയിൽ ഉടനീളം വ്യാപിപ്പിക്കാൻ യോഗം തീരുമാനിച്ചു. ഇതിനായി 6 പേരെ കമ്മിറ്റിയിലേക്ക് തിരഞ്ഞെടുത്തു.

### *SS. 30 /2014* **സ്കോളർഷിപ്പ്**

കേരള ലേബർ മൂവ്മെന്റ് അംഗങ്ങളുടെ മക്കൾക്കായി ഏർപ്പെടുത്തിയിട്ടുള്ള സ്കോളർഷിപ്പ് 2014 വർഷത്തിൽ 21 പേർക്ക് അനുവദിച്ചത് **KSSS** വഴി വിതരണം ചെയ്തു.

### *SS. 31 /2014* **Association of Catholic Care Homes (ACCH)**

KCBC -യുടെ നേതൃത്വത്തിൽ രൂപതയിൽ പ്രവർത്തിക്കുന്ന Care Home -കളുടെ യോഗം ബിഷപ്സ് ഹൗസിൽ ചേർന്നു. ബിഷപ്പ് മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ACCH ഡയറക്ടർ റവ. ഫാ. റോയി വടക്കേൽ മുഖ്യപ്രഭാഷണം നടത്തി.



ഗവൺമെന്റ് പദ്ധതികളെക്കുറിച്ച് ശ്രീ. റോയി പാറയ്ക്കൽ വിശദീകരിച്ചു. സംസ്ഥാന ചൈൽഡ് വെൽഫെയർ കമ്മിറ്റി അംഗം സി. പ്രണീത ചർച്ചയ്ക്ക് നേതൃത്വം നൽകി. CCH -ന്റെ രൂപത ഡയറക്ടറായി ഫാ. സെബാസ്റ്റ്യൻ കണിമറ്റത്തിലിനെ പിതാവ് ചുമതലപ്പെടുത്തി. രൂപതയിലെ Care Home -കളുടെ ഏകീകരണത്തിനായി പ്രവർത്തിക്കുന്നതിന് തീരുമാനിച്ചു. വികാരി ജനറാൾമാരായ മോൺ. ഫ്രാൻസീസ് ആലപ്പാട്ട്, മോൺ. ജോർജ് ഓലിയപ്പുറം, KSSS ഡയറക്ടർ ഫാ. പോൾ ചൂരത്തൊട്ടി, അസി. ഡയറക്ടർ ഫാ. ജേക്കബ് മണ്ണത്തൂക്കാരൻ എന്നിവർ പ്രസംഗിച്ചു.

### *SS. 32 /2014*

2014 ജൂൺ 20 മുതൽ 2014 ജൂലൈ 20 വരെ സോഷ്യൽ സർവീസസ് വഴി ഇടവകകളിൽ വിവിധ പദ്ധതികൾക്കായി നൽകിയിട്ടുള്ള ധനസഹായത്തിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

**ചികിത്സാസഹായം കൊടുത്തത്**

| | | |
|---|---|---|
| പോത്താനിക്കാട് | 1 | 1500 |
| മാലിപ്പാറ | 1 | 2000 |
| നെല്ലിക്കുഴി | 2 | 6500 |
| കാരക്കുന്നം | 2 | 2500 |
| നാകപ്പുഴ | 1 | 2000 |
| കോതമംഗലം | 2 | 1750 |
| പെരിങ്ങാശ്ശേരി | 2 | 10000 |
| പാറപ്പുഴ | 1 | 2000 |
| കല്ലൂർക്കാട് | 1 | 1500 |
| കവളങ്ങാട് | 1 | 1000 |
| വെളിയേൽച്ചാൽ | 1 | 1500 |
| ഏഴല്ലൂർ | 1 | 2000 |

**കക്കൂസ് നിർമ്മാണം**

| | | |
|---|---|---|
| കോതമംഗലം | 1 | 5000 |

*Director*

## യുവദീപ്തി

*YD 24 /2014* **ഹ്രസ്വചിത്രം**

ഹ്രസ്വചിത്ര (Short film) മത്സരത്തിൽ പങ്കെടുക്കാൻ പേര് രജിസ്റ്റർ ചെയ്തവർ മത്സരത്തിനുള്ള സിനിമ ആഗസ്റ്റ് 25-ന് മുവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിലെ കെ.സി.വൈ.എം. ഓഫീസിൽ എത്തിക്കുക. 10 മിനിറ്റ് സമയം മാത്രമേ ഹ്രസ്വചിത്രത്തിന് അനുവദിച്ചിട്ടുള്ളൂ. ഇതിൽ എല്ലാ കാര്യങ്ങൾക്കുമുള്ള സമയം ഉൾപ്പെടുന്നതാണ്. മൊബൈൽ ക്യാമറ മാത്രമേ ഉപയോഗിക്കാവൂ.

*YD 25 /2014* **യുലിറ്റ് (Youlit)**

KCYM യുവജന കൺവെൻഷൻ യുലിറ്റിൽ പേര് രജിസ്റ്റർ ചെയ്യാനുള്ളവർ എത്രയും വേഗം പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 400 രൂപയാക്കി കുറച്ചിട്ടുണ്ട്. ആഗസ്റ്റ് 15-ന് Youlit -ൽ പങ്കെടുക്കാനുള്ളവരുടെ ലിസ്റ്റ് രൂപതയിൽ എത്തിക്കണം.

*YD 26 /2014* **YOUCAT**

ഫൊറോനയിൽ നടന്ന യുക്യാറ്റ് മത്സരത്തിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കിയവർക്ക് രൂപതാതലത്തിൽ ആഗസ്റ്റ് മാസം 10-ാം തീയതി 2.00 pm -ന് NESTT Pastoral Centre-ൽ വച്ച് മത്സരം നടത്തുന്നു. ഫൊറോനയിൽ വിജയികളായ ടീം ഫൊറോന ഡയറക്ടറുടെ കത്ത് സഹിതം ആഗസ്റ്റ് 10-ാം തീയതി 2.00 pm -ന് മുൻപായി നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ എത്തിച്ചേരുക.

*YD 27 /2014* **ഷട്ടിൽ ടൂർണമെന്റ്**

Boby M പാലയ്ക്കൽ എവർറോളിംഗ് ഷട്ടിൽ ടൂർണമെന്റ് ഫൊറോന തലത്തിൽ സെപ്തംബർ മാസത്തിൽ നടത്തുവാൻ ഫൊറോന ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ.

*YD 28 /2014* **യുവജന അവാർഡ്**

രൂപതയിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന യുവാവിനും



യുവതിക്കും ബോബി എം പാലയ്ക്കലിന്റെ അനുസ്മരണാർത്ഥം നൽകിവരുന്ന യൂത്ത് അവാർഡിന് ഓരോ യൂണിറ്റിൽ നിന്നും ഒരു യുവാവിനെയും യുവതിയെയും നോമിനേറ്റ് ചെയ്യാം. ഇതിനുള്ള നോമിനേഷൻ ഫോം രൂപതയിൽനിന്നും ആഗസ്റ്റ് 10-ന് മുമ്പ് യൂണിറ്റിൽ എത്തിക്കുന്നതായിരിക്കും. ആഗസ്റ്റ് 25-ന് 5.00 pm -ന് മുമ്പായി രൂപതാ ഓഫീസിൽ (NESTT) നോമിനേഷൻ എത്തിക്കേണ്ടതാണ്.

*YD 29 /2014* **ഭവന നിർമ്മാണം**

KCYM കോതമംഗലം രൂപത അർഹതപ്പെട്ട വ്യക്തിക്ക് പണിതു കൊടുക്കുന്ന ഭവന നിർമ്മാണം പുരോഗമിക്കുന്നു. ഇതിനു വേണ്ടി ഇതുവരെ നൽകിയ എല്ലാ സഹായങ്ങൾക്കും ഒരുപാട് നന്ദി. ഭവന നിർമ്മാണത്തിന് സഹായമായി ഇറക്കിയിരിക്കുന്ന ചെറിയ സംഭാവന കൂപ്പൺ യൂണിറ്റുകളിൽ എത്രയും വേഗം വിറ്റഴിച്ച് സംഭാവന ആഗസ്റ്റ് 20-ന് മുമ്പായി രൂപത ഓഫീസിൽ എത്തിക്കാൻ പരിശ്രമിക്കുമല്ലോ.

*YD 30 /2014* **യൂണിറ്റ് വിസിറ്റിംഗ്**

രൂപതയിൽ നിന്നും നടത്തുന്ന യൂണിറ്റ് വിസിറ്റിംഗ് നടന്നു വരുന്നു. യൂണിറ്റുകളിൽ എന്തെങ്കിലും പ്രോഗ്രാം നടക്കുമ്പോൾ അത് രൂപതയിൽ അറിയിക്കുകയാണെങ്കിൽ അത് വളരെ വലിയ ഒരു സഹായമായിത്തീരും.

*Director*

---

## ജീസസ് യൂത്ത്

*JY 15 /2014* **നൈറ്റ് വിജിൽ**

ജീസസ് യൂത്ത് കോതമംഗലം സോണൽ നൈറ്റ് വിജിൽ ജൂലൈ മാസം 12-ാം തീയതി ശനിയാഴ്ച വൈകിട്ട് 6.00 pm മുതൽ ആരംഭിച്ച്

13-ാം തീയതി 1.00 am ദിവ്യബലിയോടുകൂടി സമാപിച്ചു. 95 പേരോളം പങ്കെടുത്തു. ഫാ. ഷിന്റോ ആലുങ്കൽ CMI ക്ലാസ് നയിച്ചു.

അടുത്ത നൈറ്റ് വിജിൽ ആഗസ്റ്റ് മാസം 9-ാം തീയതി ശനിയാഴ്ച ആയിരിക്കും.

*JY 16 /2014* **Full Timer**

ജീസസ് യൂത്ത് കോതമംഗലം സോണിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമാക്കാൻ വേണ്ടി കേരള ജീസസ് യൂത്തിൽ നിന്ന് തിരുവനന്തപുരം സ്വദേശിയായ സച്ചിൻ അൽഫോൻസ് ഒരു വർഷത്തേക്ക് full timer ആയി വന്നിട്ടുണ്ട്. ഇവിടുത്തെ കോളേജുകളിലും സ്കൂളുകളിലും ഇടവകകളിലും പ്രാർത്ഥന ഗ്രൂപ്പ് സജീവമാക്കുകയാണ് ലക്ഷ്യം. കോതമംഗലം സോണിലേക്ക് ഹൃദയപൂർവം സച്ചിനെ സ്വാഗതം ചെയ്യുന്നു.

*Director*

## ഫാമിലി അപ്പോസ്റ്റലേറ്റ്

*FA 24 /2014* **രൂപതാ എക്സിക്യൂട്ടീവ്**

ഫാമിലി അപ്പോസ്റ്റലേറ്റ് രൂപതാ എക്സിക്യൂട്ടീവ് ആഗസ്റ്റ് 11-ാം തീയതി തിങ്കളാഴ്ച 10 മുതൽ 4 വരെ.

*FA 25 /2014* **മദ്ധ്യസ്ഥ പ്രാർത്ഥനയും ഫാമിലി കൗൺസലിംഗും**

ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ആഭിമുഖ്യത്തിലുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയും ഫാമിലി കൗൺസലിംഗും ആഗസ്റ്റ് 27 ബുധൻ രാവിലെ 10.30 മുതൽ വൈകിട്ട് 3.30 വരെ NESTT-ൽ വച്ച് നടത്തപ്പെടുന്നു.

*FA 26 /2014* **ആനിമേറ്റേഴ്സ് മീറ്റ്**

ഫാമിലി അപ്പോസ്റ്റലേറ്റ് ആനിമേറ്റർമാരുടെ രൂപതാതല സംഗമം ആഗസ്റ്റ് 30 ശനിയാഴ്ച രാവിലെ 9.30 മുതൽ നെസ്റ്റിൽ വച്ച് നടത്തപ്പെടുന്നതാണ്. എല്ലാ ഫൊറോന -ഇടവക ആനിമേറ്റർമാരും ഇതിൽ പങ്കെടുക്കേണ്ടതാണ്.



*FA 27 /2014* **റിസോഴ്സ് ടീം മീറ്റിംഗ്**

കുടുംബവർഷത്തിനൊരുക്കമായി രൂപതയിലെ കുടുംബപ്രേഷിതപ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും കുടുംബജീവിതത്തെ സംബന്ധിച്ച് ക്ലാസ്സുകൾ നൽകുന്നതിനുമായി ഫാമിലി അപ്പോസ്റ്റലേറ്റ് റിസോഴ്സ് ടീം രൂപീകരിക്കുന്നു. വൈദികരും സിസ്റ്റേഴ്സും അല്മായപ്രേഷിതരും ഉൾപ്പെടുന്ന ഒരു ടീമിനെയാണ് ലക്ഷ്യമിടുന്നത്. നിലവിലുള്ള റിസോഴ്സ് ടീം അംഗങ്ങളും, പുതുതായി ടീമിൽ ചേരാൻ ആഗ്രഹിക്കുന്നവരും 2014 ആഗസ്റ്റ് 30-ാം തീയതി ശനിയാഴ്ച 2.00 pm- ന് NESTT-ൽ കൂടുന്ന സമ്മേളനത്തിൽ പങ്കെടുക്കണമെന്ന് താല്പര്യപ്പെടുന്നു.

*FA 28 /2014* **പ്രത്യേക അറിയിപ്പ്**

ഒക്ടോബർ 1, 2, 3 തീയതികളിൽ നടത്തുവാനിരുന്ന വിവാഹ ഒരുക്ക സെമിനാർ ഒക്ടോബർ 8, 9, 10 തീയതികളിലേക്ക് മാറ്റിയിരിക്കുന്നു.

*Director*

## പ്രാർത്ഥനാഗ്രൂപ്പ്

*PG 11 /2014* **പന്തക്കുസ്ത ദിനാചരണം**

കോതമംഗലം രൂപതയിലെ കത്തോലിക്കാ കരിസ്മാറ്റിക്ക് കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ ഈ വർഷത്തെ പന്തക്കുസ്താചരണം ജൂൺമാസം 12-ാം തീയതി ശനിയാഴ്ച കാരക്കുന്നം സെന്റ് മേരീസ് കത്തോലിക്കാ പള്ളിയിൽ വച്ച് നടത്തി. രൂപതയിലെ വിവിധ ഇടവകകളിൽ നിന്നുമായി 350 പേർ പങ്കെടുത്തു.

രൂപതാ പ്രാർത്ഥനാഗ്രൂപ്പ് ഡയറക്ടറും സോണൽ ആനിമേറ്ററുമായ റവ. ഫാ. ജോർജ് ചേറ്റൂർ തിരുവചന ശുശ്രൂഷ നടത്തി. റവ. ഫാ. ജോസഫ് നിരവത്ത്, റവ. ഫാ. ജോസഫ് ഞാളൂർ എന്നിവർ ദിവ്യകാരുണ്യ ആരാധന, അഭിഷേകപ്രാർത്ഥന എന്നീ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

സോൺ, സബ്-സോൺ സർവീസ് ടീം അംഗങ്ങൾ, പ്രാർത്ഥനാഗ്രൂപ്പ് ലീഡർമാർ എന്നിവർ സജീവമായി പങ്കെടുത്തു. രാവിലെ 9.30-ന്

ജപമാലയോടുകൂടി ആരംഭിച്ച ശുശ്രൂഷകൾ 4 മണിക്കുള്ള അഭിഷേക പ്രാർത്ഥനയോടെ സമാപിച്ചു.

*PG 12 /2014* **കൊയ്നോനിയ 2014**

കഴിഞ്ഞ മാർച്ച്, ഏപ്രിൽ മാസങ്ങളിൽ രൂപതയിലെ 8 സബ്-സോൺ കേന്ദ്രങ്ങളിൽ വച്ച് നടത്തിയ കൂട്ടായ്മ (കൊയ്നോനിയ 2014) യുടെ സോണൽതല സമ്മേളനം 2014 ആഗസ്റ്റ് 19-ന് രാവിലെ 9.30 മുതൽ 2.00 മണി വരെ കാരക്കുന്നം സെന്റ്മേരീസ് പള്ളിയിൽ വച്ച് നടത്തുന്നു.

കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിലെ മുൻകാല നേതൃത്വത്തിലുണ്ടായിരുന്നവർ, ഇപ്പോഴത്തെ സോൺ, സബ്-സോൺ സർവീസ് ടീം അംഗങ്ങൾ, ഇടവക പ്രാർത്ഥനാ ഗ്രൂപ്പ് ലീഡർമാർ, കൂടാതെ നവീകരണശുശ്രൂഷകളിൽ സജീവമായി പ്രവർത്തിക്കുന്നവർ എന്നിവർ ഈ സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്.

2014 സെപ്തംബർ 12 മുതൽ 15 വരെ കളമശ്ശേരി സെന്റ് പോൾസ് കോളേജിൽ വച്ച് നടക്കുന്ന "കൊയ്നോനിയ 2014" സംസ്ഥാന കൺവെൻഷനിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്ന എല്ലാവരും ആഗസ്റ്റ് 19-ന് നടത്തുന്ന ഏകദിന ശുശ്രൂഷയിൽ പങ്കെടുക്കേണ്ടതാണ്.

KST ചെയർമാൻ റവ. ഫാ. സെബാസ്റ്റ്യൻ കറുകപ്പിള്ളി, വൈസ് ചെയർമാൻ ശ്രീ. ഇടുക്കി തങ്കച്ചൻ, സോണൽ ആനിമേറ്റർ റവ. ഫാ. ജോർജ് ചേറ്റൂർ എന്നിവർ ക്ലാസ്സുകൾ നയിക്കും.

*Director*

## മാതൃദീപ്തി

*MD 21 /2014*

2014 ജൂലൈ 11-ാം തീയതി 10 മണിക്ക് നെസ്റ്റിൽ വച്ച് മാതൃ



ദീപ്തി രൂപത ഡയറക്ടർ ബ. ജോസഫ് എഴുമായിലച്ചന്റെ നേതൃത്വത്തിൽ സമ്മേളിച്ച രൂപതാ കമ്മിറ്റിയിൽ വച്ച് താഴെ പറയുന്നവരെ 2014-2017 വർഷങ്ങളിലെ ഫൊറോന ആനിമേറ്റേഴ്സായി നിയോഗിച്ചിരിക്കുന്നു.

| പേരുകൾ | ഫൊറോന |
|---|---|
| റിട്ട. പ്രൊഫ. റോസി ദേവസ്യ പൂനാട്ട്, മുവാറ്റുപുഴ | കോതമംഗലം |
| സിൽവി ജോർജ് മങ്ങാട്ട്, നെല്ലിമറ്റം | ഊന്നുകൽ |
| കുഞ്ഞമ്മ ജോർജ് പുളിയ്ക്കൽ, നാകപ്പുഴ | തൊടുപുഴ |
| ലിസ്സി ജോളി തെന്നാന, കല്ലൂർക്കാട് | മുതലക്കോടം |
| മേഴ്സി ഷാജി കുമ്മിണിയിൽ, കല്ലാനിക്കൽ | മൈലക്കൊമ്പ് |
| സാലി എമ്മാനുവേൽ പോത്തനാമുഴി, ആനിക്കാട് | ആരക്കുഴ |
| ശാന്തമ്മ എബ്രാഹം കാഞ്ഞിരപ്പിള്ളി | മുവാറ്റുപുഴ |
| റാണി ജോയി കണ്ണാത്തുകുഴി, ആരക്കുഴ | വാഴക്കുളം |
| വത്സമ്മ അഗസ്റ്റിൻ മാപ്ലാൽ, തൊടുപുഴ | മാറിക |
| ലിസ്സി ജോർജ് കൊച്ചുപുരയ്ക്കൽ, മുള്ളരിങ്ങാട് | കാളിയാർ |
| മേഴ്സി ഐപ്പച്ചൻ വട്ടക്കാട്ട്, കാളിയാർ | കരിമണ്ണൂർ |
| ലിസ്സി ജോണി അടപ്പൂർ, കലൂർ | പൈങ്ങോട്ടൂർ |

*MD 22 /2014*

കോതമംഗലം രൂപതാ സോഷ്യൽ സർവീസിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന കാൻസർ കെയർ പ്രോഗ്രാമിലേക്ക് മാതൃദീപ്തി രൂപതാ ഭാരവാഹികളായ ഫിലോ ജോർജ് തെക്കേക്കുന്നേൽ, മേരി ജോർജ് കണിയാമാട്ടേൽ എന്നിവരെ തെരഞ്ഞെടുത്തു.

*MD 23 /2014* **മാതൃദീപ്തി രൂപതാ എക്സിക്യൂട്ടീവ്**

ആഗസ്റ്റ് 9-ാം തീയതി ശനിയാഴ്ച നെസ്റ്റിൽ വച്ച് രൂപതാ എക്സിക്യൂട്ടീവ് ഉണ്ടായിരിക്കും.

*MD 24 /2014* **ഫൊറോന തെരഞ്ഞെടുപ്പ്**

ജൂൺ 19 മുതൽ ജൂൺ 25 വരെയുള്ള തീയതികളിൽ രൂപതാഡ

യറക്ടർ ബ. ജോസഫ് എഴുമായിലച്ചന്റെ നേതൃത്വത്തിൽ രൂപതാ ടീം ഫൊറോനകൾ സന്ദർശിച്ച് ബ. ഫൊറോന ഡയറക്ടർ അച്ചന്മാരുടെ നേതൃത്വത്തിൽ 12 ഫൊറോനകളുടെയും 2014-2017 വർഷങ്ങളിലേക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടത്തി.

*MD 25 /2014* **മാർഗരേഖാ പ്രകാശനവും പ്രവർത്തനവർഷ ഉദ്ഘാടനവും**

2014 ആഗസ്റ്റ് 2-ാം തീയതി ശനിയാഴ്ച രാവിലെ 9.30 -ന് രൂപതാ പാസ്റ്ററൽ സെന്റർ NESTT-ൽ വച്ച് മാതൃദീപ്തിയുടെ 2014 -2017 വർഷങ്ങളിലെ മാർഗരേഖാ പ്രകാശനവും പ്രവർത്തനവർഷ ഉദ്ഘാടനവും അഭിവന്ദ്യ പിതാവ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ നിർവഹിക്കും. ഫൊറോന, ഇടവക ഭാരവാഹികളാണ് പ്രസ്തുത സമ്മേളനത്തിൽ പങ്കെടുക്കേണ്ടവർ.

*Director*

## സിംഗിൾസ് അപ്പോസ്റ്റലേറ്റ്

*SA 9 /2014* **ഏകസ്ഥ കൂട്ടായ്മ**

ആഗസ്റ്റ് 12-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണിക്ക് നെസ്റ്റിൽ വച്ച് രൂപത ഡയറക്ടർ ബ. ജോസഫ് എഴുമായിലച്ചന്റെ നേതൃത്വത്തിൽ മരിയൻ സിംഗിൾസ് കൂട്ടായ്മ ഉണ്ടായിരിക്കുന്നതാണ്.

*Director*

## NESTT Programme

**Ph. 0485 - 2830033**

| | | |
|---|---|---|
| Aug. | 6 - 8 | - വിവാഹഒരുക്കസെമിനാർ |
| " | 9 | - ആനിമേറ്റേഴ്സ് മീറ്റ് (CML) |
| " | 10 | - കെ.സി.വൈ.എം. ക്വിസ് |
| " | 15 - 16 | - Youth National Seminar (SFO) |
| " | 20 - 22 | - വിവാഹഒരുക്ക സെമിനാർ |
| " | 23 - 24 | - Doctors' Meet |
| " | 26 - 27 | - Principals' Meet |
| " | 27 | - മദ്ധ്യസ്ഥപ്രാർത്ഥന (ഫാമിലി അപ്പോസ്റ്റലേറ്റ്) |
| " | 30 | - ആനിമേറ്റേഴ്സ് മീറ്റ് (ഫാമിലി അപ്പോസ്റ്റലേറ്റ്) |
| " | 30 | - റിസോഴ്സ് ടീം മീറ്റിംഗ് (ഫാമിലി അപ്പോസ്റ്റലേറ്റ്) |

*Director*



## □□□□□□ □□□□□□□□□

| | | | |
|---|---|---|---|
| Rev. Fr. | Athickal Pius | **August** | 21 |
| " | Malekandathil Pius | " | 21 |
| " | Kunnappillil Augustine | " | 28 |
| " | Padinjarekutt Augustine | " | 28 |
| " | Vattakkatt Augustine | " | 28 |

## രൂപതാദ്ധ്യക്ഷന്റെ ഡയറി

**ജൂൺ**

19 • വിശുദ്ധ കുർബാനയുടെ തിരുനാളിനോടനുബന്ധിച്ച് കോതമംഗലം ആരാധനാമഠത്തിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നല്കി.

20 • രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസിയുടെ കീഴിലുള്ള ഹൈസ്കൂൾ അദ്ധ്യാപകരുടെ സെമിനാർ തൊടുപുഴ ടൗൺ പാരീഷ് ഹാളിൽ ഉദ്ഘാടനം ചെയ്ത് സന്ദേശം നല്കി.

• ഡിഗ്രി പഠനത്തിനായി പോകുന്ന വൈദിക വിദ്യാർത്ഥികളുടെ യോഗം ബിഷപ്സ് ഹൗസിൽ ചേർന്നു.

21 • ജൂബിലി വർഷത്തോടനുബന്ധിച്ച് ന്യൂമാൻ കോളേജിൽ നടന്ന സമർപ്പിത സംഗമത്തിൽ പങ്കെടുത്തു.

• ന്യൂമാൻ കോളേജിനോടനുബന്ധിച്ച് നിർമ്മിച്ച ലേഡീസ് ഹോസ്റ്റലിന്റെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു.

- കോട്ടയം അതിരൂപതയിലെ മണക്കാട് ഇടവകയിൽ നടന്ന സമർപ്പിതസംഗമത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നല്കുകയും, കോട്ടയം അതിരൂപത യുവദീപ്തി പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. ഷിനോ കുന്നപ്പിള്ളിയെ അനുമോദിക്കുന്നതിനായി ചേർന്ന യോഗത്തിൽ ആശംസകൾ അർപ്പിക്കുകയും ചെയ്തു.

22 • രൂപതാ മൈനർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

22-26 • അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വൈദികർക്കായി നടന്ന ധ്യാനത്തിൽ പങ്കെടുത്തു.

27 • തിരുഹൃദയ തിരുനാളിനോടനുബന്ധിച്ച് മൈനർ സെമിനാരി വെഞ്ചരിച്ച് ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിച്ചു.

28 • ബിഷപ്സ് ഹൗസ് വെഞ്ചരിച്ച് തിരുഹൃദയത്തിന് പ്രതിഷ്ഠിച്ചു.

29 • മുടവൂർ സെന്റ് ജോസഫ്സ് പള്ളിയിൽ അജപാലന സന്ദർശനം നടത്തി.

- ആലക്കോട് ഇടവകയിൽ നിര്യാതനായ വള്ളോംകുന്നേൽ ശ്രീ. ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

**ജൂലൈ**

3 • ദുക്റാന തിരുനാളിനോടനുബന്ധിച്ച് കോക്കമംഗലം സെന്റ് തോമസ് പള്ളിയിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നല്കി.

- ചേർത്തല ഗ്രീൻഗാർഡൻസിൽ നിര്യാതയായ സി. അസൂന്ത താനത്തുപറമ്പിൽ ASMI - യുടെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

6 • മൈലാപ്പൂർ സാന്തോം കത്തീഡ്രലിൽ മാർത്തോമാ ശ്ലീഹായുടെ ദുക്റാന തിരുനാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നല്കി.



9-10 • മംഗലപ്പുഴ സെമിനാരിയിൽ സിനഡൽ കമ്മീഷൻ സന്ദർശനം നടത്തി.

11 • തിരുവനന്തപുരം പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ മാർ ഇവാനിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുനാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നല്കി.

12 • ചെറുപുഷ്പ മിഷൻലീഗിന്റെ രൂപതാ കൗൺസിലും പ്രവർത്തനവർഷവും മൂവാറ്റുപുഴ നെസ്റ്റിൽ ഉദ്ഘാടനം ചെയ്ത് സന്ദേശം നല്കുകയും കഴിഞ്ഞ വർഷത്തെ മികച്ച പ്രവർത്തനത്തിനുള്ള പുരസ്കാരങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

- വാഴക്കുളം വിശ്വജ്യോതിയിൽ നടന്ന രൂപതാ മതബോധന കൺവെൻഷന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത് സന്ദേശം നല്കുകയും പുരസ്കാരങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

13 • എസ്.ഡി. പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നല്കി.

15 • കോതമംഗലം സെന്റ് ജോർജ് കത്തീഡ്രലിൽ നടന്ന വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

- പൈങ്ങോട്ടൂർ പള്ളിയിൽ മരുത്വാമലയിൽ ശ്രീ. ആന്റണി വർക്കിയുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.
- മൂവാറ്റുപുഴ പള്ളിയിൽ മൂഴിയിൽ ശ്രീ. റോയിയുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

16 • ചേലാട് സെന്റ് ഗ്രിഗോറിയോസ് ഡന്റൽ കോളേജിൽ നടന്ന 'ആരോഗ്യ ജാലകം' എക്സിബിഷൻ ഉദ്ഘാടനം ചെയ്ത് സന്ദേശം നല്കി.

17 • കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന മിസ്റ്റഗോജിക്കൽ കാറ്റക്കിസത്തിന്റെ മീറ്റിംഗിൽ പങ്കെടുത്തു.

18 • രൂപത മൈനർ സെമിനാരിയിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നല്കി.

19 • നിർമ്മല കോളേജിൽ നടന്ന രൂപത കോർപ്പറേറ്റ് എഡ്യൂക്കേ

ഷൻ ഏജൻസിയുടെ കീഴിലുള്ള ഹയർ സെക്കന്ററി സ്കൂളുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ സെമിനാറിൽ പങ്കെടുത്ത് സന്ദേശം നല്കി.

- കോതമംഗലം ബിഷപ്സ് ഹൗസിൽ നടന്ന 'കെയർ ഹോം ഡയറക്ടേഴ്സിന്റെ' മീറ്റിംഗിൽ പങ്കെടുത്തു.

20 • കോലടി സെന്റ് തോമസ് പള്ളിയിൽ അജപാലന സന്ദർശനം നടത്തി.

## Bishop's Engagements

**AUGUST 2014**

| | | | | |
|---|---|---|---|---|
| 2 | Sat | Meeting | NESTT | 10.00 am |
| | | Holy Qurbana | Karukadam | 10.30 am |
| 3 | Sun | Holy Qurbana | Velielchal | 07.15 am |
| 4 | Mon | Engaged | | |
| | | Minor Seminary | | 06.00 pm |
| 5-9 | Tue-Sat | KCBC | | |
| 9 | Sat | Meeting | Bishop's House | 10.00 am |
| 11 | Mon | Inauguration of St.George College | Vazhakulam | 10.00 am |
| | | Baptism & Holy Qurbana | Pothanicadu | 11.00 am |
| 12 | Tue | Holy Qurbana | MSJ Generalate | 06.30 am |
| 15 | Fri | Meeting | Kallanickal | 04.00 pm |
| 17 | Sun | Pastoral Visit | Perumballoor | 07.00 am |
| 18- 30 | Mon- Sat | Synod | Kakkanad | |
| 24 | Sun | Holy Qurbana | NESTT | 06.45 am |
| | | Marriage | Cathedral | 05.30 pm |
| 31 | Sun | Engaged | | |

### നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. ജോർജ് ചാത്തംകോട്ട് | ചരമദിനം | 04-09-1998 |
| ഫാ. ജോർജ് കൊച്ചുപറമ്പിൽ (Sr.) | ,, | 05-09-1986 |
| ഫാ. പോൾ മേക്കുന്നേൽ | ,, | 06-09-1956 |
| ഫാ. പോൾ മണ്ഡപം | ,, | 08-09-2005 |
| ഫാ. ജോസഫ് കക്കുഴിയിൽ | ,, | 11-09-2000 |



| | | |
|---|---|---|
| ഫാ. വർഗീസ് മൊതകുന്നേൽ | ,, | 13-09-2007 |
| ഫാ. ഐസക് കപ്യാരുമലയിൽ | ,, | 14-09-2005 |
| ഫാ. സെബാസ്റ്റ്യൻ മഠത്തിനാൽ | ,, | 17-09-1999 |
| ഫാ. വർഗീസ് മണിയാട്ട് | ,, | 17-09-1977 |
| ഫാ. ജോൺ വള്ളമറ്റം | ,, | 19-09-2005 |
| ഫാ. അഗസ്റ്റിൻ നന്ദലത്ത് | ,, | 22-09-2013 |
| ഫാ. സിറിയക് താഴത്തുവീട്ടിൽ | ,, | 23-09-2012 |
| ഫാ. മാത്യു വെളിയപ്പിള്ളി | ,, | 24-09-1998 |
| ഫാ. പൗലോസ് കാക്കനാട്ട് | ,, | 29-09-1975 |

## നിര്യാതരായി

### സി. മേരി മാഗ്ദലിൻ SH (കാപ്പിൽ)
### (റോസക്കുട്ടി കാപ്പൻ)

| | | |
|---|---|---|
| ഇടവക | : | കോടിക്കുളം |
| ജനനം | : | 22-04-1929 |
| ആദ്യവ്രതം | : | 05- 05-1949 |
| നിത്യവ്രതം | : | 05- 05-1957 |
| മരണം | : | 21-07-2014 |
| മൃതസംസ്കാരം | : | 22-07-2014 (മൈലക്കൊമ്പ്) |

### സി. എൽസിറ്റ CMC (മനിയാനിപ്പുറം)

| | | |
|---|---|---|
| ഇടവക | : | നാടുകാണി |
| ജനനം | : | 16-12-1956 |
| ആദ്യവ്രതം | : | 03-01-1979 |
| നിത്യവ്രതം | : | 28- 05-1984 |
| മരണം | : | 24-07-2014 |
| മൃതസംസ്കാരം | : | 26-07-2014 (കോഴിപ്പിള്ളി മഠം) |